പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6805 13.7.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)മരുന്നുകളുടെ ഗുണനിലവാര പരിശോധനയിൽ വൻവീഴ്ചയുണ്ടായെന്ന ഫാർമസി കൗൺസിലിന്റെ പ്രസ്താവന ഉണ്ടാകാനുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) മരുന്നുകളുടെ ഗുണനിലവാര പരിശോധനയിൽ വൻവീഴ്ചയുണ്ടായെന്ന ഫാർമസി കൗൺസിലിന്റെ പ്രസ്താവന ഉണ്ടാകാനുള്ള സാഹചര്യം പരിശോധിച്ചിരുന്നു. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളുടെ ചെറിയ ഒരു ശതമാനം മാത്രമാണ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നത്. ഗുണനിലവാര പരിശോധനയിലുള്ള പരിമിതികളാണ് ഫാർമസി കൗണ്സിലിന്റെ പ്രസ്താവനയ്ക്ക് ആധാരം. |
| (ബി)എങ്കിൽ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സംശയാസ്പദമായ മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജ മരുന്നുകൾ എന്നിവയുടെ വിപണനം തടയുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. അത്തരം മരുന്നുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിൽപ്പന നിർത്തിവച്ചുകൊണ്ട് അവയുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനക്കായി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയക്കാറുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല നടപടികളും കമ്പോളത്തിൽ നിന്നും പ്രസ്തുത മരുന്നുകൾ പിൻവലിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ